MAHBIL/2015/63218 | MNE/353/2021-23 | MR/Tech/WPP-323/NE/2021-23

# Kalyan Lantern

JUNE 2021

Vol. 07 | Issue 01 | MUMBAI | 32 Pages | Price: ₹10/-



## Lantern
## - Stories of *Hope*


"But those who hope in the
LORD will renew their strength.
They will soar on wings like eagles;
they will run and not grow weary,
they will walk and not be faint."
Isaiah 40:3

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET & A LIGHT TO MY PATH

JUNE 2021
Vol. 07 | Issue 01

**PATRON**
Bishop Mar Thomas Elavanal

**CHAIRMAN**
Msgr. Francis Eluvathingal

**CHIEF EDITOR**
Fr. Biju Mannamcheril

**ASSOCIATE EDITOR**
Fr. Jerry Alex Maleparambil

**EDITORIAL BOARD**
Dr. C.P. Johnson
Mr. George Chirayath
Ms. Jerin Jacob
Mr. Babu Mathew
Ms. Suja Johny

**MARKETING MANAGERS**
Fr. Dr. George Vattamattam
Mr. Roy Philip

**CIRCULATION MANAGER**
Fr. Fibin Kanjiraparambil

**OFFICE SECRETARY**
Mr. Joseph Chiramal

**DESIGN & LAYOUT**
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20

# പുതിയ മനുഷ്യൻ

മനുഷ്യൻ ഇന്നലെ വരെ ജീവിച്ചപോലെയല്ല ഇന്ന് ജീവിക്കുന്നത്

മാസ്കും സാനിട്ടൈസറും ഒക്കെ ഇന്ന് മനുഷ്യരുടെ ഒഴിച്ചുകൂടാനാവാത്ത നിത്യോപയോഗ സാധനങ്ങളാണ്.

സാഹചര്യങ്ങൾ മാറി കൊറോണ വൈറസ് വ്യാപനം തടയുന്നതിനായി സാമൂഹിക അകലം പാലിക്കുകയാണ് ഇന്ന് സമൂഹജീവിയായ മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

തിക്കും തിരക്കും ഒക്കെ ജീവിതത്തിന്റെ ഭാഗമായിരുന്നവർ ഇനി അതൊക്കെ ഒഴിവാക്കണം. കൂട്ടം കൂടലും കൂടിച്ചേരലുകളും ഒഴിവാക്കാൻ കഴിയാതിരുന്നവർ ഇനി അതും ഒഴിവാക്കണം. സ്വയം നിയന്ത്രണം എന്നത് ജീവിതത്തിന്റെ ഭാഗമായി മാറ്റണം. പുതിയ ജീവിതക്രമവുമായി മനുഷ്യൻ പൊരുത്തപ്പെടുകയാണ്. മനുഷ്യൻ ജീവിതത്തിൽ എല്ലാം വെട്ടിപ്പിടിക്കുന്നതിനും സ്വന്തമാക്കുന്നതിനുമുള്ള നെട്ടോട്ടത്തിലായിരുന്നു. എന്നാൽ കൊറോണ മഹാമാരി താണ്ഡവം ആടാൻ തുടങ്ങിയതോടെ മനുഷ്യൻ സ്വയം ജീവൻ രക്ഷിക്കാനുള്ള കഷ്ടപ്പാടിലാണ്. ഇന്നലെ വരെയുണ്ടായിരുന്ന ജീവിതശൈലി ഇനി മാറ്റണം എന്നതാണ് മനുഷ്യരുടെ മുന്നിൽ കൊറോണ വൈറസിനെ തിരായ പോരാട്ടത്തിനുള്ള ആയുധം.

ജീവിത ശൈലി മാറ്റുന്നതിന് തയ്യാറായി മനുഷ്യർ സ്വയം മുന്നോട്ടു വരിക തന്നെ വേണം. ഇനിയും ജീവിതശൈലിയോ ജീവിതരീതിയോ മാറ്റാത്തവർ ഉണ്ടെങ്കിൽ അവരും മാറിയേ മതിയാകൂ.

മനുഷ്യൻ സ്വയം മരിക്കാതിരിക്കാനും മറ്റുള്ളവർ മരിക്കാതിരിക്കുന്നതിനും സ്വയം മാറിയേ മതിയാകൂ.

ഇനിയും വൈകികൂടാ. മനുഷ്യർ മനുഷ്യർക്കുവേണ്ടി നടത്തുന്ന പോരാട്ടമാണ്.

ഈ ലക്കത്തിൽ, കൊറോണ വൈറസ് മൂലം ജീവിതത്തിൽ വന്നുപോയ ഭീതിയെക്കുറിച്ചും ആതോടൊപ്പം വൈറസിനെ അതിജീവിച്ച കരുത്തിന്റെ അനുഭവങ്ങളെക്കുറിച്ചും സംവദിച്ചിരിക്കുന്നു. നിരാശയുടെ, ഇരുട്ടിന്റെ, ഭയത്തിന്റെ ജീവിതമല്ല, മറിച്ച്, പ്രത്യാശയുടെയും, പ്രകാശത്തിന്റെയും, കരുതലിന്റേയും ഒരു ജീവിതസാക്ഷ്യമാണ് ഇന്നാവശ്യം. സർവ്വശക്തനായ തമ്പുരാനിൽ പ്രത്യാശയർപ്പിച്ച്, പരി. അമ്മയുടെ കരംപിടിച്ച്, വി. യൗസേപ്പ് പിതാവിന്റെ കരുതലിന്റെ മാദ്ധ്യസ്ഥം യാചിച്ച് ഒരു പുത്തൻ മനുഷ്യനായി നമ്മുക്കു ജീവിക്കാം.





**Joseph Annamkutty Jose**
Author, Actor, Vlogger, Social Influencer,
Radio Personality of Radio Mirchi

# മടിപിടിക്കരുതാത്ത ലോക്ക്ഡൗൺ

ലോക്ക് ഡൗൺ സമയത്ത് ദാ ഇത് എഴുതുന്ന നിമിഷം വരെ ഒരേയൊരു വെബിനാർ മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. പല പള്ളികളിൽ നിന്നും, വിദ്യാലയങ്ങളിൽ നിന്നും വെബിനാർ ക്ഷണങ്ങൾ വന്നെങ്കിലും ഓൺലൈനിൽ ഒരു ക്ലാസ്സ് എടുക്കുക എന്നതിനോട് മാനസികമായി പൊരുത്തപ്പെടാൻ പറ്റിയിരുന്നില്ല. അപ്പോൾ ഞാൻ ആദ്യമായി നടത്തിയ വെബിനാർ ആർക്കുവേണ്ടിയാണ് എന്നതായിരിക്കുമല്ലോ ഒരു പക്ഷെ നിങ്ങളും ഇപ്പോൾ ചിന്തിക്കുന്നത്. എല്ല് പൊടിഞ്ഞു പോകുന്ന രോഗമുള്ള Brittle Bone Disease എന്ന രോഗം അനുഭവിക്കുന്ന ഒരു കൂട്ടം കുട്ടികളെ സംരക്ഷിക്കുന്ന, അവരുടെ കാര്യങ്ങൾ ഒരമ്മയെപ്പോലെ നോക്കുന്ന ഒരു സ്ത്രീയുണ്ട്. പേര് ലത, എല്ലാവരും ലതാമ്മ എന്ന് വിളിക്കും.

"മോനെ എന്റെ കുട്ടികൾക്ക് മോനോട് ഒന്ന് സംസാരിക്കണം എന്ന് വലിയ ആഗ്രഹമുണ്ട്. അവർക്ക് കുറെ ചോദ്യങ്ങൾ ചോദിക്കണമെന്നുമുണ്ട്. മോന് പറ്റുമെങ്കിൽ ഒരു വെബിനാർ നടത്താൻ പറ്റുമോ" അവർ അന്ന് ഫോൺ ചെയ്യുമ്പോഴാണ് ഞാൻ ഇങ്ങനെ ഒരു രോഗമുണ്ടെന്ന് പോലും അറിയുന്നത്. ശരീരം 'ലോക്ഡൗൺ' ചെയ്ത ഒരു പറ്റം കുട്ടികൾ. അവരോട് സംസാരിക്കാനാണ് ഞാൻ ആദ്യമായി ഒരു വെബിനാർ നടത്തിയത്. അര മണിക്കൂർ എന്ന് പറഞ്ഞ് ഞാൻ തുടങ്ങിയ സംഭാഷണം, സുഹൃത്തുക്കൾ തമ്മിലുള്ള വർത്തമാനം പോലെയായി. വൈകാതെ ഒരു ചേട്ടനും കുറെ അനിയത്തികുട്ടികളും വിശേഷങ്ങൾ പങ്കുവയ്ക്കുന്ന രീതിയിലോട്ട് അത് മാറി. ഒന്നര മണിക്കൂറാണ് ഞാൻ അവരോടൊപ്പം എല്ലാ തിരക്കുകളും മറന്ന് ചിലവഴിച്ചത്. എങ്ങനെ ഈ ലോക്ഡൗൺ അതിജീവിക്കും? അല്ലെങ്കിൽ എന്ന് ഇതൊക്കെ ഒന്ന് അവസാനിക്കും എന്ന് കരുതി, മടിപിടിച്ച് ഓരോ ദിവസവും ഉന്തി തള്ളി നീക്കുന്ന ഒരാളാണ് ഇപ്പോൾ എന്നെ വായിക്കുന്നതെങ്കിൽ 'എല്ലുകൾ യാത്രകളെ ലോക്ക് ചെയ്ത ഈ പ്രത്യേക തരം രോഗമുള്ള കുട്ടികൾ ഓരോ ദിവസവും ചെയ്യുന്ന വലിയ കാര്യങ്ങളെക്കുറിച്ച് അറിയണം'. അവർ ഓരോ ആഴ്ചയും നല്ലൊരു അതിഥിയെ കൊണ്ടുവന്ന് വെബിനാറുകൾ നടത്തും. ഇടയ്ക്ക് കലാമത്സരങ്ങൾ നടത്തും. വീട്ടിലിരുന്ന് ഉണ്ടാക്കിയ കരകൗശലവസ്തുക്കൾ, വരച്ച ചിത്രങ്ങൾ, ഈണം നൽകിയ പാട്ടുകൾ ഇവയെല്ലാം ഗ്രൂപ്പിൽ പങ്കുവയ്ക്കും. ഇതിനോടൊപ്പം തന്നെ പഠനവും അവർ കൊണ്ടുപോകുന്നുണ്ട്.

"നിങ്ങൾക്ക് ഏറ്റവും വിഷമം നൽകുന്ന കാര്യമെന്താണ്?" ഞാൻ അവരോടു ചോദിച്ചു.

"എല്ലാവരുടെയും അനാവശ്യമായ സിമ്പതി ഞങ്ങളെ വല്ലാതെ ദേഷ്യം പിടിപ്പിക്കും. ഞങ്ങളുടെ നടത്തം കാണുമ്പോൾ ഞങ്ങൾക്കില്ലാത്ത വേദനയാണ് പലർക്കും. ആരെയും ഞങ്ങൾ കുറ്റപ്പെടുത്തുന്നില്ല. മാനുഷികമാണല്ലോ അത്. ഞങ്ങൾ സെലിബ്രിറ്റികളാണ് എന്നൊരു ചിന്തയിൽ അവരുടെ നോട്ടങ്ങളെ ഞങ്ങൾ ക്ഷമയോടെ സഹിക്കും".

അവർ ഇപ്പോഴും തിരക്കിലാണ്. പുതിയ അതിഥികളെ കണ്ടെത്തണം. അടുത്ത കലാമത്സരങ്ങൾ സംഘടിപ്പിക്കണം. പുതിയ ചിത്രങ്ങൾ വരയ്ക്കണം. പുതിയ ഈണങ്ങൾ കണ്ടെത്തണം. ലോക്ക്ഡൗൺ എന്നത് അവർക്ക് ഒരു വിഷയമേ അല്ല, അവരുടെ മനസ്സും, ഭാവനയും, ആർജ്ജവവും അവർ ലോക്ക് ചെയ്തിട്ടില്ല.

അവരുമായുള്ള സംഭാഷണത്തിന് ശേഷം ഞാൻ കൂടുതൽ പുസ്തകങ്ങൾ വായിക്കാൻ തീരുമാനിച്ചു. കൂടുതൽ വീഡിയോകൾ ചാനലിൽ അപ്ലോഡ് ചെയ്യണം എന്ന് മനസ്സിൽ ഉറപ്പിച്ചു. മനസ്സിനെ ഇനി ലോക്ക് ചെയ്യില്ലെന്ന് ശപഥം ചെയ്തു. ദിനവുമുള്ള മൂന്ന് മണിക്കൂർ റേഡിയോ പ്രോഗ്രാമിനിടയിലും, വൈകാതെ പുറത്തിറക്കേണ്ട പുസ്തകത്തിന്റെ എഡിറ്റിംങ്ങ് വർക്കിനിടയിലും, സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യേണ്ട പുതിയ വീഡിയോകൾക്ക് വേണ്ടുന്ന 'Content' തപ്പുന്ന തിരക്കിനിടയിലും ഞാൻ ഇതെഴുതുന്നുണ്ടെങ്കിൽ അത് ആ കുട്ടികൾ നൽകിയ ഊർജ്ജം കൊണ്ടാണ്.



**അവർ ഇപ്പോഴും തിരക്കിലാണ്. പുതിയ അതിഥികളെ കണ്ടെത്തണം. അടുത്ത കലാമത്സരങ്ങൾ സംഘടിപ്പിക്കണം. പുതിയ ചിത്രങ്ങൾ വരയ്ക്കണം. പുതിയ ഈണങ്ങൾ കണ്ടെത്തണം. ലോക്ക്ഡൗൺ എന്നത് അവർക്ക് ഒരു വിഷയമേ അല്ല, അവരുടെ മനസ്സും, ഭാവനയും, ആർജ്ജവവും അവർ ലോക്ക് ചെയ്തിട്ടില്ല.**

ഇത് വായിക്കുന്ന സുഹൃത്തിനോട്, ഈ ലോക്ക്ഡൗൺ കഴിഞ്ഞ് പുറത്തുവരുമ്പോൾ 'ഈ ലോക്ക്ഡൗൺ സമയത്ത് ഞാൻ ഒരുപാട് സമയം വെറുതെ മടിപിടിച്ചു കളഞ്ഞു' എന്നൊരു പാപം കുമ്പസാരത്തിൽ പറയാൻ ഇടവരാതിരിക്കട്ടെ.

# CHRIST ENCOUNTER DURING COVID



**Shamim Samuel Khan**
Diamond City, West Behala, Kolkata

I was down with a fever for many days. Initially, I thought that it was just a common cold, but my condition started deteriorating soon afterwards due to which I eventually ended up in the hospital. Whenever people are tested COVID positive, fear grips them but in my case I was not scared at all. I took it so lightly that I felt that in a few days time, I would be discharged from the hospital and everything would be back to normal. But something extremely contradictory awaited me. During the initial days in the hospital, I could see how critically ill patients were brought in and after some time they were declared dead. It was scary. I somehow presumed that the bed on which I was lying might be my death bed.

Quite unexpectedly, my health deteriorated within three days. One early morning, I happened to hear gospel music being played by one of the patients. I love to sing, so I started to sing along. As I sang loudly, one patient on the pretext of going to the washroom, peeped in and smiled at me and I said – 'Jai Yeshu!' That's when he realised that I was a Christian and that paved way for both of us to interact for some time.




Later on, a new patient, who got admitted that day adjacent to my bed, expressed his wonder when he learned that I was a Christian. He said, "Bro, your name is Shamim Khan. How did you become a Christian?" That's exactly when I got an opportunity to share my Christ encounter with that non Christian brother. As I started sharing about Christ, slowly and steadily, I saw the other patients coming and listening to my life experience.

My name is Shamim Samuel Khan and it has been just eight years since I have been baptized. As I shared my testimony with them, many of their misconceptions were wiped away. The most amazing part was when one of the patients asked me about the book from which I was quoting the scriptures. When I told him that it is the Holy Bible, he said that he would definitely read the book. I thought maybe this is why I got admitted here – to share the gospel with others but the story did not end there.

After some time, I started experiencing uneasiness and I was immediately shifted to the ICU. As I lay there completely surrounded with wires and complex devices, I could hardly breathe. When I closed my eyes, I saw a vision of crucified Jesus and Mother Mary gazing at Him from the foot of the cross. I did not have enough devotion to the Rosary until then. This was an indication by the Lord to rely on the powerful intercession of Mother Mary through the Holy Rosary. It seemed like Mary is my mother and she is interceding for me - her younger son to her elder son Jesus. I could see the same vision whenever I closed my eyes for the next four days and on the fifth day, this vision disappeared completely and I was out of danger.

I feel that if I had not contracted this disease, I neither would have been able to share the gospel with those non-Christian brethren in the hospital nor could I have got closer to Mamma Mary through the Holy Rosary.

We know that all things work together for good for those who love God, who are called according to His purpose (Romans 8:28).

# Covid-19's *Parting Gift*



**Ancy Albert**
Christ the King Church, Bhandup

While there is no denying the fact that going through the COVID-19 phase is a physically exhausting experience, it also takes a toll on one's mental and emotional faculties. Thus, like most people, coming out of this tunnel of despair not only left me physically weak but also emotionally wrecked. While I was pulling myself through the painful isolation, lack of hospital beds, shortage of medicines, dropping oxygen levels and an unforeseen death in my family, I considered this phase to be the worst a person could go through. But now, in hindsight, I can count a dozen different ways in which things could have become much worse. This particular realization has thus emphasised the fragility of life and made me question where my priorities should lie.

This fragility of life has made me realize how nothing and no one should be taken for granted. Want to say something? Say it. Want to do something? Do it. We might have to become gutsy, even act in ways unexpected by people around us. I have come to realize that regretting about things not done/said/left/learnt on time, is much worse than what we think might be the consequence of doing/saying/leaving/learning what we wanted to.

Setting up a priority list is crucial when it comes to having a vision. Health, family, friends, work, money, relationships, travel goals etc. - rank them the way you deem important. This could go a long way to help decide what and whom do you want to give your time and attention to. While it will be different for everyone, having a clear vision about the same and standing by it unabashedly is necessary.

Imbibing thankfulness (when things go well) and gratitude (when things go otherwise), especially in this time of uncertainty is imperative to stay sane and calm. As a testament, I'm thankful for all the help and support I received during the Covid time, and I am grateful for being



able to understand the turmoil that thousands of people are going through. This has made me more emphatic and action oriented when it comes to helping others as much as possible.

This 3-pronged new approach to life is that parting gift that Covid left me with (sincerely thankful for it) along with the post Covid symptoms (grateful that it is not that bad).

# കുന്നേലമ്മച്ചി

**Shiji Johnson Thakadippuram**
Teacher, Motivational Speaker
Changanacherry





പഞ്ചായത്ത് റോഡിൽ നിന്ന് മെയിൻ റോഡിലേക്ക് കയറും മുൻപ് ഇടതുവശം ചേർന്ന് ഒരു മതിലും അതിനകത്ത് ഷീറ്റ് ഇട്ട ഒരു കൊച്ചു വീടും ഉണ്ട്. ഗേറ്റിൽ 'കുന്നേൽ വീട്' എന്ന് എഴുതിയിരുന്നു. ദിവസവും രാവിലെ സ്കൂളിലേക്കും വൈകുന്നേരം തിരികെയും ഉള്ള യാത്രകളിൽ, ആ ഗേറ്റിൽ പിടിച്ചു നിൽക്കുന്ന ഒരു വൃദ്ധയെ കാണാമായിരുന്നു. ശോഷിച്ച ശരീരം. അലക്കിവെളുപ്പിച്ച ചട്ട, ഞുറിഞ്ഞിട്ട കള്ളിമുണ്ട്. കഴുത്തിൽ കറുത്ത ചരടിൽ വെന്തിങ്ങ. കാതിൽ കുണുക്ക്. ചുളിവുകൾ വീണ മുഖത്ത് സദാ പുഞ്ചിരിയാണ്. അതാണ് നാട്ടുകാരുടെയും വീട്ടുകാരുടെയും 'കുന്നേലമ്മച്ചി'. ഡ്രൈവറായ മകനും ടൗണിലെ സൂപ്പർമാർക്കറ്റിൽ കാഷ്യറായ മരുമകളും, വിദ്യാർഥികളായ രണ്ടു കൊച്ചുമക്കളും രാവിലെ എട്ടര മണിയോടെ പോയി കഴിഞ്ഞാൽ വൈകുന്നേരം 5 മണി വരെ അമ്മച്ചി തനിച്ചാണ്. അമ്മച്ചിയുടെ തന്നെ ഭാഷയിൽ മിണ്ടാനും പറയാനും ആരുമില്ല. ഗേറ്റിനരികെ വന്നു നിൽക്കുന്നത് വഴിയേ പോകുന്ന ആരോടെങ്കിലും എന്തെങ്കിലുമൊക്കെ മിണ്ടാനാണ്. തിരക്കിട്ടു പോകുന്നവർ ആരും അമ്മച്ചിയോട് മിണ്ടാൻ നിൽക്കില്ല. വർത്തമാനം തുടങ്ങിയാൽ പിന്നെ നിർത്തില്ല എന്നത് തന്നെ കാര്യം. അമ്മച്ചി ഒരിക്കലും പരദൂഷണം പറയില്ല, നിഷ്കളങ്ക വർത്തമാനങ്ങൾ മാത്രം. മനുഷ്യരെ കിട്ടിയില്ലെങ്കിൽ ചികയുന്ന കോഴികളോടും, വഴിയരികിൽ മേയുന്ന ആട്ടിൻകുട്ടികളോടും കുന്നേലമ്മച്ചി മിണ്ടിക്കൊണ്ടിരിക്കും. ഓൺലൈൻ ക്ലാസുകൾ തുടങ്ങിയ കാലത്ത് ഒരു ദിവസം അവർ ചോദിച്ചു, "കുഞ്ഞേ, ടീച്ചർമാരും കുട്ടികളും അങ്ങുമിങ്ങും ഇരുന്നാൽ എങ്ങനെ പഠിപ്പീര് ശരിയാകും? ഇടയ്ക്ക് ഇവറ്റകളുടെ ചെവിക്ക് പിടിക്കണ്ടേ?" "അമ്മച്ചി, അതുതന്നെയാ ഞങ്ങൾ ടീച്ചർമാരുടെയും പ്രശ്നം. പക്ഷേ ഇപ്പോൾ ഇതല്ലാതെ മാർഗ്ഗമില്ലല്ലോ", എന്നു പറഞ്ഞ് അടുത്ത ചോദ്യം വരും മുമ്പേ ഞാൻ സ്ഥലംവിട്ടു.

അങ്ങനെയിരിക്കെ, ദാ വരുന്നു കോവിഡ് രണ്ടാം തരംഗം. വീണ്ടും അടച്ചുപൂട്ടി എല്ലാവരും അകത്തിരിക്കാൻ സർക്കാർ നിർദ്ദേശം. ലോക്ഡൗൺ ഇളവുകൾക്കിടയിൽ ഒരു ദിവസം

ടൗണിലേക്ക് പോകുമ്പോൾ കുന്നേൽ വീടിന്റെ ഗേറ്റിലേക്ക് ഒന്നു പാളിനോക്കി. അമ്മച്ചിയെ അവിടെ കണ്ടില്ല. വരാന്തയിലും ഇല്ല. തിരികെ വരുമ്പോൾ അകത്തുചെന്ന് അല്പനേരം സംസാരിക്കണം, ഇന്ന് വലിയ തിരക്കൊന്നും ഇല്ലല്ലോ എന്ന് മനസിലുറപ്പിച്ചാണ് പോയത്, പക്ഷേ തിരികെ വന്നപ്പോൾ അതൊക്കെ മറന്നു. വീണ്ടും രണ്ടാഴ്ചത്തെ ഇടവേള കഴിഞ്ഞു. ഒരു ദിവസം അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ പോകും വഴി ദൂരെ നിന്നു തന്നെ കണ്ടു, കുന്നേൽ വീടിന്റെ ഗെയ്റ്റിന് മുകളിൽ ഒരു കറുത്ത കൊടി. കുറേക്കൂടി അടുത്ത് ചെന്നപ്പോൾ കൊടിയുടെ താഴെ അമ്മച്ചിയുടെ ചിരിക്കുന്ന മുഖം. 'ആദരാഞ്ജലികൾ, റാഹേൽ മാണി (82) വയസ്സ്, കുന്നേൽ വീട്". എന്നെഴുതിയ ഫോട്ടോ. അമ്പരപ്പോടെ അകത്തു ചെന്നു. വരാന്ത കഴിഞ്ഞുള്ള ഹാളിൽ കുന്നേലമ്മച്ചിയുടെ ശുഷ്കിച്ച ശരീരം ഒരുക്കി പെട്ടിയിൽ കിടത്തിയിരിക്കുന്നു. പഴകിയ കസവു കവണി അടുക്കി, നിറം മങ്ങിയ ബ്രോച്ചു കുത്തിയിട്ടുണ്ട്.കുണുക്ക് കാണുന്നില്ല. പക്ഷേ ചുളിഞ്ഞ മുഖത്തെ ചിരി ഒട്ടും മാഞ്ഞിട്ടില്ല. മരുമകളും പേരക്കുട്ടികളും അടുത്തുതന്നെ ദുഃഖാർത്തരായി ഇരിക്കുന്നുണ്ട്. പടികളിറങ്ങുമ്പോൾ മുറ്റത്തുനിന്ന അയൽക്കാരനോട് കുന്നേലമ്മച്ചിയുടെ മകൻ പറയുന്നത് കേട്ടു, "എല്ലാവരോടും ഒത്തിരി വർത്തമാനം പറയാനും, എല്ലായിടത്തും പോകാനും അമ്മയ്ക്കിഷ്ടമായിരുന്നു. എനിക്കാണെങ്കിൽ ഒട്ടും നേരം ഇല്ലായിരുന്നു. ഇപ്പോൾ നേരം കിട്ടി. പക്ഷേ അപ്പോഴേക്കും അമ്മ പോയി."

ദൈവമേ ഞാനും എൻറെ തിരക്കുകളെ കൂട്ടുപിടിച്ച് കുന്നേലമ്മച്ചിയെ തഴഞ്ഞ കൂട്ടത്തിൽ ആയിരുന്നല്ലോ എന്നോർത്തു. തിരികെ നടക്കുമ്പോൾ മനസ്സിലേക്ക് വന്നത്, മികച്ച നടനുള്ള ഓസ്കാർ അവാർഡ് നേടിയ ആൻറണി ഹോക്കിൻസിന്റെ 'ദ ഫാദർ' എന്ന ചിത്രത്തിലെ ഒരു ഡയലോഗ് ആയിരുന്നു. മറവി രോഗം ബാധിച്ച് ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധനായ പിതാവ് ആ ചിത്രത്തിൽ പറയുന്നതുപോലെ 'ഇലകളും ചില്ലകളും പൊഴിഞ്ഞ ഈ മരങ്ങളെ' നാം കുറേക്കൂടി പരിഗണിക്കേണ്ടതല്ലേ? നമുക്കും നാളെ വൃദ്ധരാകാതെ തരമില്ലല്ലോ എന്ന വസ്തുത നാം മറന്നു പോകുന്നത് എന്താണ്? കുർബാനയ്ക്കിടെ ഒരു അനുതാപ പ്രാർത്ഥനയുണ്ട്. വിചാരത്താലും, വാക്കാലും, പ്രവൃത്തിയാലും, ഉപേക്ഷയാലും എനിക്ക് സംഭവിച്ച പിഴവുകളെക്കുറിച്ച്... ആ നാലാമത്തെ വാക്കാണ് നമുക്ക് കൂടെ, കൂടെ സംഭവിക്കുന്നത്. 'Sin of omission' – ഉപേക്ഷയാലുള്ള പാപങ്ങൾ. മഹാമാരിയുടെയും, ലോക്ഡൗണിന്റെയും കാലത്ത് തിരക്കുകളിൽ നിന്നൊഴിഞ്ഞ് പ്രിയപ്പെട്ടവരുമായി ഉള്ള ബന്ധങ്ങൾ ഊഷ്മളമാക്കിയവർ ധാരാളം ഉണ്ടാകും നമ്മുടെ ഇടയിൽ. നമ്മൾ ഇതുവരെ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ ഇനിയും വൈകിപ്പോകാതിരിക്കാനുള്ള ഓർമ്മപ്പെടുത്തൽ ആകട്ടെ ഈ കുറിപ്പ്. ഈ കോവിഡ് കാലത്ത് അങ്ങനെയും ചില നല്ല കാര്യങ്ങൾ സംഭവിക്കട്ടെ.

# കാവലാൾ



**Sr. Saroopya CMC**
St.Therese Convent, Dombivli East.

## FIRST PRIZE WINNER
### OF POEM COMPETITION CONDUCTED BY CRI, KALYAN

കടലോളം സ്നേഹം കരുതുന്നവൻ നീയെ
കനൽ വഴിയിൽ നീളെ നടന്നവൻ നീയെ
കാലം മറക്കാത്ത കർമ്മ സാഫല്യം നീയെ
കാലത്തിനധീതമാം ശോഭയും നീയെ.

മറഞ്ഞു പോകുന്നൊരീ സ്വപ്നങ്ങളെ
മറനീക്കി നീ നിൻ ജീവിതവീഥിയിൽ
മരണത്തിലേയ്ക്ക് തള്ളി വിടാതെ നീ
മറിയത്തെ ചേർത്തു നിർത്തുന്നിതാ.

സഹനങ്ങളാകുമീ കാരിരുമ്പുകളെ
സാഹസമാം വിധം കൈകൊണ്ടിതാ
സാന്ത്വനമേകി നീ പരിലാളനയേകി നീ
സ്വന്തം കുടുംബത്തെ പോറ്റിയല്ലോ.

നീതിയെ കൈയ്യിലെ ആയുധമാക്കി
നിശബ്ദത തന്നിലെ ആവരണമാക്കി
നീറും വ്യഥകളിൽ പുഞ്ചിരി തൂകി
നിന്നിലെ പിതൃത്വം ധന്യമായി.

എരിഞ്ഞു തീർന്ന നിൻ ജീവിത തണലിൽ
എടുത്തു വയ്ക്കുന്നു ഞാൻ എൻ ജീവിതവും
എന്നുമെന്നേയ്ക്കുമീ ജീവിത സുകൃതത്തെ
എന്നിലെ എന്നിൽ പുതുജീവനേകാൻ.

# HOME AWAY FROM HOME, OR NOT?

I have been living in Pune for a year and a half in a one room kitchen, pursuing my Masters in Japanese language. While my fascination with the language was one of the primary motivators to do this degree, it was still only one among other important reasons. I have lived with my parents all my life and have been financially, mentally and physically dependent on them. This was a fairly comfortable life and while I understand that mom and dad have worked hard for me to have this, I came to the realisation that a comfortable life did not equate to a good one. Having lived under their wings, I thought to myself, it was time to rid my life of mediocrity and dullness, it was time for adventure.

Thus I applied to a university without much resistance from my parents and rented out a small flat in Pune. Mom and dad still paid the rent but I took care of other expenses by giving guitar lessons and selling music online and from royalties. I felt a sense of freedom, away from home but equally reinforced by personal responsibility. I saw my world view tested, saw some of my morals change, some get transformed and saw myself for who I was. When all seemed to be going well, this disaster struck.

We weren't sure how long the lockdown would last so I stayed there, attending classes from home. Over six months, however, the point of staying close to the college really lost relevance. I lost my sources of income as lessons could not be done in person and people had little money to spend on artistic endeavours. So, I had to leave the flat.

I dreaded coming back to the same monotonous routine that I so desperately wanted to run away from. The aroma of the house did little to comfort my loss of individuality and freedom. However, as time went by, I found that my dynamics with mom and dad had changed. Was it because they now knew what it was like to live without their son? Or was it because I knew what it was like to not see them everyday? Maybe I wasn't the same person who had left this house anymore. Maybe it was all of these. Whatever be it, I got a chance to come back to my family. I looked them in the eye and loved them as the humans they were, and not just the Gods that provided for my needs.

**- Anonymous**



# MY GOD NEVER MAKES MISTAKES

Saying that the COVID-19 outbreak has gripped the world with fear and crippled most of the world population would be an under-statement, right? During the initial phase in March 2020, though it was shocking in the beginning, it just seemed to be a distant threat. Being a youth, I felt that taking all necessary precautions was more than enough to prevent oneself from this disease. My dad and mom were very particular about the usage of masks, sanitizers etc. The lockdown was also a time of great blessing as it was quite edifying to participate in various online services.

"Take care. Stay healthy. Stay safe" started becoming the usual closing line of WhatsApp, Insta texts. Towards the end of the first wave of COVID-19, it seemed like everything was under control. We, as a family were initially concerned about our relatives abroad but later as the figures started dipping, everything seemed to have come to a normal. And that's why, after one year of being completely protected by God's grace, in April 2021, we were hopeful of getting through the second wave as well.

However, something unexpected awaited us. It was towards the end of April 2021 when I was doing my night shift (WFH) that I suddenly felt a headache. I thought it to be quite normal due to the nature of my job and the fluctuations in my sleep cycle. But soon after some time, the usual symptoms of this disease ensued.

We could consult Dr. D'Souza who gave us free consultation via calls. We still were not sure if we had contracted COVID-19. After a few days, we got ourselves tested and the results were positive for me and my mom. Yes, God knew that we would need dad by our side and therefore his report turned out to be negative.

Due to fervent prayers of our near and dear ones, we have recovered completely from this illness. We didn't have a very tough battle to fight or a life threatening experience. We, as a family, learnt the following lessons when COVID-19 knocked on our door.



- Being prayerful does not imply that we will not have storms in life.
- Being closer to God does not mean that we are automatically entitled for God's blessings.
- Everything is His grace and His mercy alone!
- All that matters at the end of the day is – if we trust Him during storms, we will walk with Him on the water.

**- Anonymous**

# ദൈവപരിപാലനയുടെ താഴ്‌വരയിൽ

**Sr. Linta**
S.N.D.S. Dharavi

പതിവുപോലെ അലാമിന്റെ ശബ്ദം കേട്ട് സി. ആൻലിറ്റ് എഴുന്നേറ്റു. ശരീരത്തിനും മനസ്സിനും എന്തെന്നില്ലാത്ത ഒരു അനുഭൂതി. പ്രഭാതകൃത്യങ്ങൾ ചെയ്യുമ്പോഴും എന്തൊക്കെയൊ മനസ്സിലൂടെ, ചിന്തയിലൂടെ കടന്നുപോകുന്നു. ആരുടെയോ മുഖങ്ങൾ, ചില ശബ്ദങ്ങൾ, ചില സ്ഥലങ്ങൾ എല്ലാം ഒന്ന് ഓടിമറിയുന്നു. മനസ്സ് തിങ്ങി നിറഞ്ഞു നില്ക്കുന്ന ഒരു അവസ്ഥ. സിസ്റ്റർ സ്വയം പറഞ്ഞു ഞാൻ ഇന്ന് മറ്റൊരു ഹൗസിലേക്ക് സ്ഥലം മാറി പോവുകയാണ്. നിത്യവതം കഴിഞ്ഞ് തന്റെ നാലാമത്തെ വർഷം, ചാപ്പലിൽ പ്രഭാതപ്രാർത്ഥനയ്ക്കുശേഷം സിസ്റ്റർ ആൻലിറ്റ് തന്റെ ബൈബിൾ തുറന്നു. സങ്കീർത്തനം ഇരുപത്തിമൂന്ന്. ഒന്നും വായിക്കാൻ സാധിക്കുന്നില്ല. ഉള്ളിൽ തളം കെട്ടി നിന്ന തന്റെ ചിന്തകൾ, മുഖങ്ങൾ, സ്ഥലങ്ങൾ, ശബ്ദങ്ങൾ എല്ലാം ഒന്നൊന്നായി വീണ്ടും തെളിഞ്ഞു വരുന്നു.. തുറന്ന ബൈബിൾ മടിയിൽ വച്ച് സിസ്റ്റർ ആൻലിറ്റ് സക്രാരിയിലേക്കും ക്രൂശിത രൂപത്തിലേക്കും നോക്കി കൊണ്ടിരുന്നു. അലയടിച്ചു കൊണ്ടേയിരുന്ന തിരമാലകൾ ശാന്തമായി തിരിച്ചു പോകുന്നതുപോലെ മനസ്സും ശാന്തമായിരിക്കുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും ദേവാലയങ്ങളെയും അടച്ച മഹാമാരി സിസ്റ്റർ ആൻലിറ്റിനേയും പൂർണ്ണമായി നിരാശയിൽ എത്തിച്ചിരുന്നു. ചൊല്ലുന്ന പ്രാർത്ഥനകളും ചെയ്യുന്ന പ്രവർത്തികളും എല്ലാം കൊറോണ വൈറസ് ബാധിതർക്കായി മാറ്റിവച്ചിരുന്നു. പെട്ടെന്നായിരുന്നു ആ തീരുമാനം. ആശ്രയിക്കാൻ ആരും ഇല്ലാത്തവർക്ക് ആശ്രയം ആകുന്ന ആശ്രയാ ഓൾഡ് ഏജ് ഹോംമിലെ പ്രവർത്തനം.

ഭയത്തിന്റെ സാഹചര്യത്തിൽ കത്തുന്ന സ്നേഹത്തിന്റെ മെഴുകുതിരികളായി ഞങ്ങൾ അഞ്ചുപേരുടെ പ്രവർത്തനം. ടി.വിയിലൂടെയും മാധ്യമങ്ങളിലൂടെയും അങ്ങും ഇങ്ങുമായി കേട്ടിരുന്ന കൊറോണ വൈറസ് ആശ്രയാ ഓൾഡേജ് ഹോമിനെയും ഭയത്തിന്റെ അവസ്ഥയിൽ എത്തിച്ചു. കൊറോണ വൈറസിനു കീഴ്പ്പെട്ട ഡയറക്ടർ അച്ചനെയും നാല് സിസ്റ്റേഴ്സിനെയും അന്തേവാസികളായ മറ്റു എട്ടു പേരെയും ക്വാറന്റൈനിൽ ആക്കി. കൊറോണ ഐസൊലേഷനുകളും ഭക്ഷണവും മരുന്നും ഹോസ്പിറ്റൽ ചെക്കപ്പുകളും ഞങ്ങൾ അഞ്ച് പേർ ഒരുമിച്ച് ഡബിൾ മാസ്കും ഫെസ്ഷീൽഡും ഉപയോഗിച്ച് ദൈവത്തിൽ ആശ്രയിച്ച് തുടങ്ങിയ പ്രവർത്തനം. പനി നോക്കുമ്പോളും ഓക്സിജൻ നോക്കുമ്പോളും ഡോക്ടറായി അഭിനയിക്കുമ്പോഴും അമ്മച്ചിമാരുടെ അപ്പച്ചൻമാരുടെയും വിശ്വസ്തത നിറഞ്ഞ ഉത്തരങ്ങളും ചെറിയ ചെറിയ കുസൃതികളും സ്വയവും, അവരെയും സന്തോഷിപ്പിച്ച നിമിഷങ്ങൾ ആയിരുന്നു.

മെയ് നാലാം തീയതി വൈകുന്നേരം ആറ് മണിക്ക് ദൈവത്തിൽ മാത്രം ആശ്രയം വെച്ച് തുടങ്ങിയ പ്രവർത്തനം ഇന്നിതാ വിജയപ്രദമായി തീർക്കുവാൻ സാധിച്ചുകൊണ്ട് പടി ഇറങ്ങുന്നു. രണ്ട് കണ്ണുനീർ തുള്ളികൾ തന്റെ ബൈബിളിൽ വീണത് സിസ്റ്റർ ആൻലിറ്റ് അറിഞ്ഞില്ല. ഒത്തിരി മുഖങ്ങൾ, തന്റെ നേർക്ക് ചോദിച്ച ഒരമ്മച്ചിയുടെ നീ എന്റെ മകൾ അല്ലെ എന്ന ചോദ്യം, ഓരോ അത്താഴത്തിനുശേഷം ഞങ്ങൾ ഉല്ലസിച്ച നിമിഷങ്ങൾ, അഞ്ച് പേരുടെയും അന്നത്തെ അനുഭവങ്ങൾ, ചിന്തകൾ പങ്കുവെച്ച നിമിഷങ്ങൾ എല്ലാം ഒരു യുഗം പോലെ കടന്നുപോയി. എല്ലാ ദിവസവും രാത്രിയിൽ നാല് കൊന്ത വീതം പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചുകൊണ്ടുള്ള നിദ്രയും പ്രഭാതത്തിൽ വിശുദ്ധ കുർബ്ബാനയോടുകൂടി ആരംഭിച്ച പ്രവർത്തനവും.



സിസ്റ്റർ ആൻലിറ്റ് ഒന്നു മനസ്സിലാക്കി. ദൈവകാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മുമ്പിൽ കൊറോണ വൈറസ് മുട്ടുമടക്കിയിരിക്കുന്നു. ഈ ഒരു മാസം ഞങ്ങൾ അഞ്ച് പേരും അവർക്ക് മകളും മകനും സഹോദരനും, സഹോദരിയും ഒരു ഒരു സുഹൃത്തും ഒക്കെയായി. ഞങ്ങൾ പോലും അറിയാതെ അവർ ഞങ്ങളെ അവരുടെ ഹൃദയത്തിൽ സ്വീകരിച്ചു. ഇത്രയും കാലം കൂടെയുണ്ടായിരുന്നവരെയും കൂടെപിറപ്പുകളെയും മിത്രങ്ങളെയും എല്ലാം വൈറസ് അകറ്റിയപ്പോൾ ആരും ഇല്ലാതിരുന്ന ഈ അപ്പച്ചന്മാർക്കും അമ്മച്ചിമാർക്കും, ഞങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞത് എല്ലാവരും ഉള്ള സന്തോഷകുടുംബ ജീവിതമായിരുന്നു.

പെട്ടെന്ന് സ്വിച്ച് ഓൺ ആക്കുന്ന ശബ്ദം കേട്ട് സിസ്റ്റർ ആൻലിറ്റ് എഴുന്നേറ്റു. വി. കുർബാനയ്ക്ക് ഒരുക്കമായി തിരി കത്തിക്കുന്നു. ഒരിക്കൽ കൂടി ദൈവത്തിന് നന്ദി പറഞ്ഞ് ബൈബിൾ അടയ്ക്കാൻ നേരത്താണ് സിസ്റ്ററിന്റെ ശ്രദ്ധയിൽ പെട്ടത്: "മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല." ഈ ബൈബിൾ വാക്യത്തിലാണ് ആ രണ്ട് കണ്ണുനീർ തുള്ളികൾ ഇറ്റു വീണിരിക്കുന്നത്. ഒന്ന് നിശ്വസിച്ചു കൊണ്ട് സിസ്റ്റർ ആൻലിറ്റ് വിശുദ്ധ കുർബ്ബാനയിൽ, കൃതജ്ഞതയുടെ യഥാർത്ഥ ബലിയിൽ, പങ്കുകൊണ്ടു.




# MAKES THE DREAMS WORK!



**Dr CP Johnson**
Senior Director, C-DAC Mumbai

In February 2020 when our PG Diploma batch was named Kairos (a Greek word meaning the right or opportune moment), little did we know that there were many different turning points in store for us this year.

In March 2020, when the physical classes of this batch had to be shut down overnight due to the pandemic, we had thought it would last just for a week or so. But no, it went on for months...

With a determined and dedicated team of faculty and other staff members, we hand held the batch and aided them to transition into the online mode, although it was not an easy task. We had to work really hard to get the students to be comfortable with the online mode and to stay motivated throughout the day consistently for one whole year. I almost exhausted my collection of motivational stories for them, being thoroughly worn out with work and responsibilities myself.

Over the last one year, my passionate team stuck to only one motto – how to utilise every single day and make it the best for our students. Lectures, practicals, exams, short courses, seminars, talks, industry meets, grooming sessions, mock interviews, alumni/mentor interactions, stress buster activities – we did all these online, that too effectively and enjoyably. We made sure that our students were groomed well on advanced computing technologies along with their personality development.

Though we were careful and cheerful, the Coronavirus did not spare us either. During the course, some of our students and staff contracted COVID-19. However, we were all determined to be incredibly positive when we were COVID positive. Our Placement Officer was coordinating the online placements of 600+ students even when he was infected and isolated. There were students like Rutvij and Vaibhav who appeared the final online exams from their beds while infected with COVID-19, and the batch topper Jaiesh gave his online campus interview when he was on oxygen support and yet managed to grab the best job.

As our Course Coordinator Elizabeth George posted on social media, 'What a roller coaster ride it was!' We screamed with joy when we were at the top, stood together when the ride was going down, laughed through the loops, enjoyed every single twist and turn. The ride was indeed a phenomenal one. And here we are today, with a treasure trunk full of memories and close to 100% of our students placed at top IT companies - making their dreams work.

*"Therefore encourage one another and build each other." 1 Thess 5:11.*

# Where is God?



**Biju Dominic**
St. Joseph's Church
Mahakali Caves Road, Andheri East



It was 12.30 at night. My wife got a phone call 'Biju uncle has tested positive. He should be admitted to the hospital'. My wife was worried.

I thought, 'Who would have the courage to take me to the hospital, that too this late in the night?'

In five minutes, I got a call, 'Chettai, I am on my way. I will take you to the hospital.'

Few weeks later, I got a call from my youngest brother informing me that my younger brother had succumbed to COVID at Kottayam Medical College. 'I am going to the hospital to collect his body. Do you know any priest who can do our brother's last rites at the cemetery?', he asked.

Minutes later I got a call, 'Chettai, I will be there at the cemetery'.

A few hours later, through the phone camera of my family friend, I could see him at the cemetery saying the last prayers for my younger brother.

A long time ago, Rejisamma, my first catechism teacher, had taught me that our God came down to earth and became a human being. All these years, this belief was yet another sentence in the 'Vishwaasa Pramaanam' that I often recited without much thought. But now, during this time of the COVID-19 induced pandemic, thanks to a few incidents, I have truly witnessed the belief that God indeed takes the form of human beings and comes to us.



# Lean-In Survival



**Jerin Jacob**
St. Kuriakose Elias Chavara Church, Kandivli East

One of the most affected communities amid the pandemic have been our students. Not only has the shift from offline to online teaching been mentally and emotionally hard on them, it has also snatched away their sense of community, friendship and teenage vigour, each of which has a hard hitting significance in the life of a teenager.

I teach a batch of 16-18 year olds at an International School in Mumbai along with my other professional commitments. While they are a set of extremely smart, inquisitive and affable students, I have witnessed the pandemic extend its grip over their sensitivities, their emotional quotient, their insecurities and their personalities, only to play it around time and again and vehemently so. My two teaching subjects being Literature and Language, I have actively sensed the psychological block, the emotional dissonance that my progressively intellectual, high achieving wards experienced in the course of the pandemic. My online classrooms often became spaces where they would vent and rant about exceedingly philosophical and existential dilemmas typical to excessively well-read teens, albeit this time amid the lockdown setting - without the physical company of their peers, away from the comfort of their physical classrooms. They were lonely, isolated, and persistently coerced to perform and produce well within academia - considering how close they were to their Board examinations.

It was here that I decided to use stories to lure them further into the world of Literature, hoping that this time, they would find solace, a sense of escapism and to be precise, a balm of hope and solidarity amid their troubled academic year.

This batch of mine is uber fascinated with Manga - a Japanese form of graphic literature, a form that I had only passingly explored during my teenage years. Do you want to take a guess at what happened next? We bargained upon a one of a kind deal. While I would strive to curate and customise specific and specialised reading recommendation lists across nuanced genres for my wards, they took it upon themselves to collectively put together a Manga reading list for me, their English teacher! I would keep a track of how and when each of them were catching up with my reading suggestions for them, and they would in turn take turns to keep a track of my exploration and reading of Manga comic books. With diligent student monitors thus having my back, I dived right into the form and genre of graphic novels - there was no looking back.

Little did I know that this intense tryst with graphic novels, bestowed upon me by my very own students would in turn work to be my consolation, my solace, a unique cure for all the afflictions and anxieties brought about by the pandemic in my own life. Little did I know that while I intended stories to save them, stories ended up saving me too; that while they leaned on me, I leaned on them too for surviving a pandemic! It is rightly said that our stories bring and bind us together. We are all stories in the end, aren't we?

# MY MOTHER, MY REFUGE



**Mrs. Jennifer Betz**
St. Alphonsus Church,
Banjara Hills, Hyderabad

In the best of times, getting ready for labour and delivery is both thrilling and nerve-wracking. But giving birth during the global COVID-19 pandemic? One may reasonably be feeling stressed out and nervous rather than joyful. It was the last trimester of my pregnancy in August 2020. I was all the more excited to welcome our little one. Approximately 15 days before my due date, I was subjected to COVID-19 test, and I found out that I was COVID-19 positive!



Anxiety and fear gripped me. What if I get completely isolated? Will I be quarantined at home or the hospital? I sought prayers from many intercessory prayer centres. I prayed that they should quarantine me at home only or else it would be too difficult to handle this phase all alone. And through the mighty intercession of Mamma Mary, my prayers were answered.

My pregnancy has not been an easy journey so far. My blood pressure used to shoot up in the initial months which resulted in certain complications. It was prayer alone that sustained me. As days went ahead, the hospital where I consulted my doctor regularly refused admission. I frantically searched for COVID-19 special hospitals, but to no avail.

Somehow, I could relate this to what the Blessed Mother might have felt when she was rejected repeatedly by the inn-keepers when it was time for her to give birth to baby Jesus. My doctor told me that labour pains may start anytime but I was still at home waiting for a positive response from a COVID-19 special hospital.

After around 10 days, on 13th August, I was tested COVID-19 negative which means I had to now find a different hospital. The very next day, the labour pain started. The most shocking fact was that we had not found any hospital by then. Finally, on 15th August, we could get an appointment booked with a new doctor who was like an angel sent by God. Without having known me or my case history, she had the courage to accept a PIH (Pregnancy-Induced Hypertension) patient like me.

No doctor would grant admission to a patient like me in this condition but Mother Mary prepared a beautiful inn (hospital) for me through that doctor and through C-section, that very day, I delivered a healthy baby boy - our son Benedict. Throughout my pregnancy, I firmly believed that Mother Mary was interceding for me and my baby and we were more than happy to welcome our little bundle of joy on the feast of the Assumption of Mother Mary.

As I conclude, I wish to state that going to Jesus through His beloved mother is the best route and this mother will never ever abandon those who seek refuge in her powerful intercession.

# Three COVID-19 Home-Based Care Experiences





**Dr. Jasmin Johnson**
Christ the King Church, Bhandup

When Grace and Sunny tested positive for COVID-19, Grace was not too worried about herself but was extremely anxious about her retired husband. She was a happy go lucky person while he was a stickler for rules. As I shared instructions with them for their diet plan, activity schedule and monitoring methods, we had daily contests on general health and vitals. The fun-loving Grace played along and Sunny played by his own rules as they shared their health records via voice messages with me. I declared a winner each day among them. It was fun to see this couple using their competitive spirit to sustain a positive attitude and beat the illness. Finally, at the end of ten days, they achieved a tie and continued to build on their playful companionship.

Simon and Sara were married just before the pandemic. The lockdown seemed to be working well for this young couple until one day, Simon tested positive for COVID-19. Their parents who were in Kerala were worried for them. Back home, Sara donned the Florence Nightingale hat and played the perfect caretaker to Simon. She tracked vitals, gave medicines, planned food intake, recorded symptoms along with timings and quantification of cough etc. so well that I was amazed at how this engineer was a healthcare worker par excellence. Simon and his parents were thus assured that he was safe in Sara's able hands.

Shweta, a mother of two very young children had been juggling between her home and workplace duties all her life after marriage. When she tested positive for COVID-19, it was as if the sky had fallen. Her husband, Manoj had never made a cup of tea all his life and now she was to be isolated. The first three days were tough for Shweta as she was constantly worried if the house would catch fire or her kids would starve to death. With time, she began to let go, after which her isolation actually did wonders for her. Never had Shweta taken a step back and thought about her priorities in life. As she listened to her favourite songs, she took a deep breath and felt grateful for all that she had. She thought about her parents, her family, her in-laws and realised that there was so much that she missed relishing as she was held up in the rat-race of life. Shweta ended her isolation and joined her family as a renewed person. Manoj now knew a lot more than making a cup of tea.

# മരുന്ന്...

**Josemon Vazhayil**
Designer, Kalyan Lantern



രണ്ട് വർഷങ്ങൾക്ക് ശേഷമാണ് അമ്മയുടെ അടുത്ത് നാലു മക്കളും ഒന്നിച്ച് കൂടാൻ അവസരം ഉണ്ടായത്. അതും അമ്മക്ക് മരുന്നാവാൻ എന്ന് വേണം പറയാൻ. കഴിഞ്ഞ മാസം, ഏപ്രിൽ 17-ാം തിയതി ആയിരുന്നു അമ്മക്ക് പനിയും തളർച്ചയും ആയിട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യേണ്ടി വന്നു എന്നും, ന്യുമോണിയ ആണെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത് എന്നും, അറിയിച്ചുകൊണ്ട് മദ്ധ്യപ്രദേശിൽ നിന്നും ചേട്ടൻ വിളിക്കുന്നത്. ഹൈപ്പർടെൻഷൻ ഉണ്ടായിട്ടുണ്ടത്രെ! കോവിഡ് ഇൻഡ്യയിൽ വരുന്നതിന് മുൻപ് അമ്മ മദ്ധ്യപ്രദേശിൽ മൂത്ത മകനായ, എന്റെ ചേട്ടന്റെ അടുത്തേക്ക് പോയതായിരുന്നു. 78 വയസായ അമ്മക്ക് തിരിച്ച് നാട്ടിൽ എത്താൻ പറ്റാതായി. അതിന്റെ സങ്കടത്തിൽ ഇരിക്കുമ്പോൾ ആണ് അമ്മക്ക് ഇങ്ങനെ.

അതിനിടെ അമ്മ ഫോണിൽ സംസാരിച്ചു, '....ഇനിയിപ്പൊ നിന്നെ ഒക്കെ ഒന്ന് കാണാൻ പറ്റുവോ എന്നറിയില്ലെടാ...!' ആ വാക്കുകൾ വേദനിപ്പിക്കുന്നതിലും കൂടുതലായി പേടിപ്പിക്കുന്നതായിരുന്നു.

എന്ത് ചെയ്യണം എന്ന് അറിയില്ലായിരുന്നു. യാത്ര ദുഃഷ്കരമാണെങ്കിലും, എങ്ങനെയെങ്കിലും പെട്ടന്ന് തന്നെ ഞാൻ പോകണം എന്ന് നല്ലപാതി – റിറ്റി ഇൻസിസ്റ്റ് ചെയ്തു. എങ്ങനെയെന്നുള്ളതായിരുന്നു എൻറെ പ്രശ്നം. ഫ്ളൈറ്റിൽ പോയി മുംബയിൽ ഇറങ്ങണമെങ്കിൽ 48 മണിക്കൂർ മുന്നുള്ള RTPCR നെഗറ്റീവ് റിപോർട്ട് വേണം. 17 ശനിയാഴിച്ച, ഇനിയുള്ള ടെസ്റ്റ് തിങ്കളാഴ്ച്ചയെ ഉള്ളുവത്രെ. അതിന്റെ റിപ്പോർട്ട് കിട്ടാൻ ചൊവ്വാഴ്ച്ച ഉച്ചയെങ്കിലും ആവുമെന്ന് പറയുന്നു. പിന്നെ പോകാൻ പറ്റുക ബുധനാഴിച്ച മാത്രമാണ്. കടന്നു പോകുന്ന ഓരോ നിമഷങ്ങൾക്കും ഭയങ്കര വില കൊടുക്കേണ്ടി വരുമെന്ന തോന്നൽ.

മുംബയിലുള്ള ചേച്ചിയും, മേഘാലയയിൽ ഉള്ള സിസ്റ്റർ-ചേച്ചിയും മദ്ധ്യപ്രദേശിന് തിരിച്ചിരുന്നു ഇതിനോടകം. എന്റെ കാര്യം ആകെ കൺഫ്യൂഷൻ ആയി. വൈകുംതോറും ടെൻഷൻ കൂടി വന്നു. അമ്മയുടെ കോവിഡ് ടെസ്റ്റ് റിപ്പോർട്ട് വന്നിട്ടില്ലാന്ന് അറിഞ്ഞു. എന്നാലും ന്യുമോണിയ പോലുള്ള ലക്ഷണങ്ങൾ പേടിപ്പിക്കുന്നത് തന്നെ ആയിരുന്നു.

അങ്ങനെ അവസാനം പിറ്റേന്ന് 18-ാം തിയതിയിലെ മംഗളാ എക്സ്ബ്രപ്രസ്സിൽ യാത്ര ചെയ്യാൻ തീരുമാനിച്ച് ടിക്കറ്റെടുത്തു. ഭാര്യയേയും കുട്ടികളെയും ഒക്കെ വിട്ട് മദ്ധ്യപ്രദേശ് വരെ ഇങ്ങനെ ഒരു അവസ്ഥയിൽ പോകുക എന്നതും മാനസികമായി ബുദ്ധിമുട്ടിലാക്കുന്നതായിരുന്നു. ഇങ്ങനെയുള്ള നേരങ്ങളിൽ മനസിൽ വന്നു കൂടുന്ന നെഗറ്റീവ് ചിന്തകൾക്ക് കണക്കില്ല. ഇനിയൊരു തിരിച്ച് വരുവുണ്ടാകുമോ? ഭാര്യയേയും കുട്ടികളേയും വീണ്ടും കാണാൻ ആവുമോ? എന്നൊക്കെയുള്ള ചിന്തകൾ യാത്രയിൽ കൂടുതൽ ജാഗ്രത ചെലുത്താൻ പ്രേരിപ്പിച്ചു. അങ്ങനെ പിറ്റേന്ന് ട്രയിൻ കയറി. 36 മണിക്കൂർ യാത്രയിൽ മാക്സിമം സമയവും മുകളിലെ ബർത്തിൽ ഇരുന്നും കിടന്നും ആയിരുന്നു യാത്ര. കാരണം പേടി തന്നെ. ജാഗ്രത എന്നൊക്കെ വെറുതേ പറയാം.

തിങ്കളാഴ്ച്ച വൈകുന്നേരം അമ്മയുടെ കോവിഡ് ടെസ്റ്റ് നെഗറ്റീവ് ആണെന്ന് റിപ്പോർട്ട് കിട്ടി. അത് തന്ന ആശ്വാസം ചെറുതല്ലായിരുന്നു. ചൊവ്വാഴ്ച്ച ആണ് അമ്മയെ കാണാൻ പോയത്. ഹോസ്പിറ്റലിൽ നല്ല തിരക്ക്. ഞങ്ങൾ പരമാവധി സെയിഫായിരിക്കാൻ ശ്രമിച്ചു.

ഞങ്ങൾ മക്കൾ അമ്മക്കരുകിലേക്ക് വരുന്നു എന്ന് കേട്ടപ്പോൾ തന്നെ അമ്മക്ക് നല്ല മാറ്റം വന്ന് തുടങ്ങിയിരുന്നു. പനി പതിയെ മാറിയിരിക്കുന്നു. പിന്നെ അമ്മയിലെ മാറ്റം പെട്ടന്നായിരുന്നു. പിറ്റേന്ന് ആയപ്പോഴേക്കും അമ്മക്ക് പിടിച്ച് എഴുന്നേറ്റിരിക്കാൻ ആയി. പിന്നെ രണ്ട് നാൾ ശേഷം അമ്മ ഹോസ്പിറ്റലിൽ നിന്നും വീട്ടിലേക്ക് പോന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന രണ്ട് ചേച്ചിമാരുള്ളത് കൊണ്ട് കാര്യങ്ങൾ എളുപ്പവുമായിരുന്നു. എല്ലാം ദൈവാനുഗ്രഹം...!!

തുടർന്നുള്ള ദിവസങ്ങളിൽ അമ്മക്ക് പിടിച്ച് നടക്കാറായി. ഞങ്ങൾ ഓരോരുത്തരായി മടക്കയാത്രയും ആയി. അമ്മ സന്തോഷവതി ആയിട്ടാണ് ഞങ്ങളെ തിരിച്ചുവിട്ടത്. പേടിപ്പിക്കുന്ന ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് വീട്ടിൽ തിരിച്ചെത്തി.

ഒരിക്കലും പ്രതീക്ഷിക്കാതെ നടന്നതാണിതെല്ലാം. ഇങ്ങനെ ഒരു സാഹചര്യത്തിൽ അമ്മക്കരികിൽ ഇങ്ങനെ ചെന്നെത്താൻ പറ്റുമെന്ന് ഞങ്ങൾ ആരും ഒരിക്കലും കരുതിയില്ല. ആ പോക്ക് അമ്മക്ക് മരുന്നായി എന്ന അറിവ് തന്നെയായിരുന്നു ഏറ്റവും വലിയ അത്ഭുതം. ഞങ്ങളുടെ കുട്ടിക്കാലത്തിൻറെ ഓർമ്മകളിൽ ഒരുപാട് പൊട്ടിച്ചിരികൾ സമ്മാനിച്ച യാത്ര. ആ പൊട്ടിച്ചിരികൾ അമ്മക്ക് മരുന്നായി മാറിയെന്ന് തന്നെ കരുതാം... ഞങ്ങൾക്കും...!! അപ്പോഴൊക്കെ അപ്പച്ചനെ വല്ലാണ്ട് മിസ്സ് ചെയ്തു. ഞങ്ങൾ നാലും ഉണ്ടായിട്ടും, അമ്മയുടെ പരിഭവം അപ്പോഴും കഴിഞ്ഞില്ലാ, മരുമക്കളും കൊച്ചുമക്കളും കൂടി വന്നിരുന്നെങ്കിൽ എന്നായി...!! അതാണമ്മ...!!

*പിൻകഥ: ഏപ്രിൽ 27-ാം തിയതി, ചേട്ടന്റെ തന്നെ സ്കൂൾ കോംബൗണ്ടിൽ താമസിക്കുന്ന ഒരു സാറിന് പനിയും ശ്വാസം മുട്ടലും മൂലം ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. ന്യുമോണിയ പിടിച്ചിരുന്നു. 50% ശ്വാസകോശം ഡാമേജ് ആയിരുന്നുത്രെ. 29-ാം തിയതി 43 കാരനായ അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻറെ കോവിഡ് ടെസ്റ്റിൽ അയാൾ കോവിഡ് നെഗറ്റീവ് ആയിരുന്നു എന്നതാണ് മറ്റൊരു പേടിപ്പിക്കുന്ന വസ്തുത...!!!*

കുറച്ച് അധികം ജാഗ്രതയിൽ ആയിരിക്കാം. ഈ സമയവും കടന്ന് പോകും... പ്രകാശം പരക്കും... പ്രതീക്ഷയിൽ ആയിരിക്കാം...!!!

# From Fear to Faith



**Sr. Praxedes M.C.**
Prem Daan, Missionaries of Charity Convent, Airoli



It was a rainy morning during the last week of August 2020 when I was in the chapel for prayer. Suddenly, I heard some bouts of coughing and sneezing from the adjacent ward. Usually, during the rainy months, most of the inmates catch a cold. So this was not something to worry about as I presumed that it was because of the season. The very next day, I contracted fever and after a week's time, another sister also did. Shortly thereafter, the girls who worked in the kitchen also got infected. We did not know if it was COVID-19 yet.

Through a doctor, we got to know that without the influence of a politician, it would be difficult to get all the patients tested for COVID-19. Fear and anxiety started gripping me as most of the inmates are mentally challenged and it would be a herculean task to take them to a local hospital and get them tested.

I relied on His providence. Through the intervention of some influential parishioners, a team consisting of doctors and nurses accompanied by a local politician visited us the next day. We learned to our shock that 75 inmates and 3 sisters tested positive. Due to this we had to separate the COVID-19 positive and negative inmates in different wards.

From the very next day, doctors and nurses started coming for duty at the convent. As days passed, the number of positive cases went on rising. Around 17 critically ill patients were admitted to DY Patil Hospital. Two weeks passed like this and finally, on 14th September 2020, all of them were tested again and declared COVID-19 NEGATIVE! Most of our inmates are above 70 years of age. Honestly speaking, I feared that half of them would not be able to make it but nothing happened to anyone.

The ways through which God provided for us during this testing time is unimaginable. The municipal corporation provided us with nutritious breakfast, lunch and dinner on a daily basis. They also sent sweepers to clean the premises daily. As this news was published in the local newspaper, many people were generous enough to support us with everything that we needed due to which all the inmates could recover at a faster pace. Above all, many people across the world prayed for us fervently thus aiding in our miraculous healing.

When I look back, I do not wish to call it a time of suffering, rather I would call it as in Psalms 23:4 - *Even though I walk through the darkest valley, I fear no evil; for you are with me; your rod and your staff, they comfort me.*

# THIS TOO SHALL PASS



**Fr. George Vattamattathil**
Finance Officer, Diocese of Kalyan

